കാഴ്ചപ്പാട്

കെ.സി സലീം

# സഹിഷ്ണുതയുടെ സംസ്കാരം

**സംഘടനാശാഠ്യങ്ങളാൽ സമൂഹത്തിന് സംഭവിക്കുന്ന ആദ്യത്തെ അത്യാഹിതം സഹിഷ്ണുതാ നഷ്ടമാണ്. പരിമിതമായ തന്റെ വൃത്തത്തിന്നുള്ളിൽ അപരൻ ഒതുങ്ങിനിൽക്കാൻ തയാറാവുന്നില്ലെങ്കിൽ ആളുകൾക്കിഷ്ടം അയാളെ വേഗം നരകത്തിലേക്കയക്കുകയാണ്. സ്വന്തം വിശ്വാസത്തിന്നനുസരിച്ച് മററുള്ളവർ മാറിയിട്ടില്ലെങ്കിൽ വ്യാപകമായി കൊല്ലുന്ന സ്ഥിതിയൊന്നും മതവിശ്വാസികൾക്കിടയിൽ ഇപ്പോൾ ഉണ്ടായിട്ടില്ലെങ്കിലും അവരെ കൊല്ലാൻ മാത്രമുള്ള വിദ്വേഷം മനസ്സിൽ കൊണ്ടുനടക്കുന്ന ചിലരെങ്കിലുമുണ്ടെന്നത് വ്യക്തം.**

**സംസ്കൃത** സമൂഹങ്ങൾ എപ്പോഴും പുലർത്തേണ്ട ഒരു ഗുണമാണ് സഹിഷ്ണുത. ഒരു ബഹുസ്വര സമൂഹത്തിൽ ഇതിന് ഏറെ പ്രസക്തിയുണ്ട്. അസഹിഷ്ണുത ആരുടെ ഭാഗത്ത് നിന്നായാലും അപലപിക്കേണ്ടതാണ്. അത് ആര് പുലർത്തിയാലും തെറ്റു തന്നെ.

ജാതി-മത വൈജാത്യങ്ങളും വൈവിധ്യമാർന്ന സംസ്കാരങ്ങളുമുള്ള ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുമ്പോൾ എല്ലാ സ്വരങ്ങൾക്കും ഇടമനുവദിക്കുന്ന വിശാല മാനുഷികസമീപനം കൈക്കൊള്ളുന്നതിനെ സാമാന്യേന സഹിഷ്ണുത എന്ന് പറയാം. സമൂഹത്തിൽ പരസ്പരം പങ്കുവെക്കുന്ന അവകാശങ്ങളെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും അറിഞ്ഞിരിക്കലാണത്. വിജ്ഞാനം, തുറന്ന മനഃസ്ഥിതി, സ്വതന്ത്ര ചിന്ത, മുറിപ്പെടുത്താത്ത തരത്തിലുള്ള ആശയവിനിമയം തുടങ്ങിയവയാണ് ഇതിന്നാവശ്യം. സഹിഷ്ണുതയാണ് സമാധാനപൂർണമായ സഹവർത്തിത്വത്തിന്ന് വഴിയൊരുക്കുന്നത്. അങ്ങനെ വരുമ്പോൾ ഏറ്റുമുട്ടലിന്റെ സംസ്കാരം സമാധാനത്തിന്റെ സംസ്കാരത്തിന്ന് വഴിമാറും. ഒരു സംസ്കൃത സമൂഹത്തിന് എപ്പോഴും ആവശ്യമുള്ളതും ഇതു തന്നെയാണ്.

ഇങ്ങനെയൊന്ന് കൈവരിക്കാൻ സ്വന്തം കാഴ്ചപ്പാട് എല്ലാവരും സ്വീകരിച്ചുകൊള്ളണമെന്ന വരട്ടുവാദം ആദ്യമായി അവസാനിപ്പിക്കേണ്ടിവരും. എനിക്ക് എന്റെ കാഴ്ചപ്പാടനുസരിച്ച് ജീവിക്കാൻ സ്വാതന്ത്ര്യമുള്ളതു പോലെ മറ്റുള്ളവർക്ക് അവരുടെ കാഴ്ചപ്പാടുകളനുസരിച്ച് ജീവിക്കാനും സ്വാതന്ത്ര്യമുണ്ട് എന്ന് ആദ്യമായി അംഗീകരിക്കണം. വിശ്വാസവും മതവും ആചാരാനുഷ്ഠാനരീതികളും എന്താവട്ടെ, അതയാളുടെ സ്വാതന്ത്ര്യമാണ്. 'മതത്തിൽ നിർബന്ധമില്ല' എന്ന തത്ത്വം ഒരു ബഹുസ്വര സമൂഹത്തിൽ ഇങ്ങനെ കാണേണ്ടിവരും. അടിച്ചേൽപിക്കുന്ന ആശയങ്ങൾക്ക് ദീർഘായുസ്സുണ്ടാവില്ല.

സംഘടനാശാഠ്യങ്ങളാൽ സമൂഹത്തിന് സംഭവിക്കുന്ന ആദ്യത്തെ അത്യാഹിതം സഹിഷ്ണുതാ നഷ്ടമാണ്. പരിമിതമായ തന്റെ വൃത്തത്തിന്നുള്ളിൽ അപരൻ ഒതുങ്ങിനിൽക്കാൻ തയാറാവുന്നില്ലെങ്കിൽ ആളുകൾക്കിഷ്ടം അയാളെ വേഗം നരകത്തിലേക്കയക്കുകയാണ്. വോൾട്ടയറുടെ തെരഞ്ഞെടുത്ത കൃതികളിൽ നിന്ന് വിൽ ഡ്യൂറന്റ് ഉദ്ധരിച്ച ഒരു വാക്യം ഇങ്ങനെ വായിക്കാം: "എന്നെപ്പോലെ നിങ്ങളും ദൈവത്തിൽ വിശ്വസിക്കൂ, അല്ലെങ്കിൽ ദൈവം നിങ്ങളെ ശപിക്കും എന്ന് പറഞ്ഞിരുന്ന ആൾ ഇപ്പോൾ പറയും 'എന്നെപ്പോലെ നിങ്ങളും ദൈവത്തിൽ വിശ്വസിക്കൂ, അല്ലെങ്കിൽ നിങ്ങളെ ഞാൻ കൊല്ലും' എന്ന്" (Will Durant, *The Story of Philosophy*, Washington Square Press, New York, 1970, Page 237). സ്വന്തം വിശ്വാസത്തിന്നനുസരിച്ച് മററുള്ളവർ മാറിയിട്ടില്ലെങ്കിൽ വ്യാപകമായി കൊല്ലുന്ന സ്ഥിതിയൊന്നും മതവിശ്വാസികൾക്കിടയിൽ ഇപ്പോൾ ഉണ്ടായിട്ടില്ലെങ്കിലും അവരെ കൊല്ലാൻ മാത്രമുള്ള വിദ്വേഷം മനസ്സിൽ കൊണ്ടുനടക്കുന്ന ചിലരെങ്കിലുമുണ്ടെന്നത് വ്യക്തം.

മറ്റുള്ളവരെ നരകത്തിലേക്കയക്കാൻ എന്തിനിത്ര വ്യഗ്രത? പരമകാരുണിക

നായ അല്ലാഹുവിന്റെ വചനങ്ങൾ വായിച്ചു നോക്കിയാൽ കരുണയുള്ളവനും മാപ്പരുളുന്നവനും പശ്ചാത്തപിച്ച് മടങ്ങുന്നവനെ സ്വീകരിക്കുന്നവനും തെറ്റുകൾ പൊറുക്കുന്നവനും ഒക്കെയാണ് ദൈവം എന്നാണ് മനസ്സിലാവുക. അവന്റെ ഗ്രന്ഥത്തിലാവട്ടെ, എല്ലായ്പോഴും നന്മയിലേക്കുള്ള ആഹ്വാനങ്ങളും തിന്മ വർജിക്കാനുള്ള നിർദേശങ്ങളും കാണാം. നന്മയാണെവിടെയും; പ്രകൃതിയോടിണങ്ങുന്നത് നന്മയാണെന്ന അടിസ്ഥാനത്തിൽ. തിന്മ പ്രകൃതിക്ക് വിരുദ്ധമാണ്. പ്രവാചക വചനങ്ങളിലും അവിടുത്തെ ജീവിതത്തിലും ഇതു പോലെ നന്മയിലേക്കുള്ള ആഹ്വാനങ്ങളും, തിന്മ വെടിയാൻ കഴിയുമെങ്കിൽ നിരോധിക്കാനുള്ള കൽപനകളും കാണാം. ചില മതശാഠ്യക്കാരുടെ പ്രഭാഷണങ്ങളിൽ ധാരാളമായി കേൾക്കുന്നതുപോലെ, വെട്ടൊന്ന് കഷ്ണം രണ്ട് എന്ന രീതിയിൽ നരകാഗ്നിയിൽ എറിഞ്ഞു കളയുന്ന വാക്യങ്ങൾ കാണാൻ പ്രയാസം. നന്മ പ്രോൽസാഹിപ്പിക്കുന്നു; നന്മ ചെയ്യുന്നവരെ പ്രോൽസാഹിപ്പിക്കുന്നു. നന്മ ആര് ചെയ്താലും നന്മ തന്നെ; തിന്മ ആര് ചെയ്താലും തിന്മ തന്നെ എന്നാണിതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുക. ഒരു മതത്തിന്റെ ലേബലിൽ അറിയപ്പെടുന്നവർ ചെയ്യുന്നതെല്ലാം നന്മയും ആ മതത്തിൽ പെടാത്തവർ ചെയ്യുന്നത് തിന്മയും എന്നൊന്നും മതാധ്യാപനങ്ങളിൽ നിന്ന് മനസിലാക്കാൻ കഴിയില്ല. "നന്മയുടെ പ്രതിഫലം നന്മയല്ലാതെ മറെറന്താണ്?" എന്ന് ഖുർആൻ ചോദിക്കുന്നതിൽ നിന്ന് മററുള്ളവർ നന്മ ചെയ്താൽ അവർക്കും പുണ്യം കിട്ടും എന്ന് മനസ്സിലാക്കാനുള്ള ഹൃദയവിശാലത വേണം. അല്ലാഹു നീതിമാനാണ് എന്നാണ് ഖുർആൻ പഠിപ്പിച്ചു തരുന്നത്. നന്മ ചെയ്യുന്നവരെ നരകത്തിലിടുന്നവൻ നീതിമാനാവില്ല. ഓരോരുത്തർക്കും അവർ പ്രവർത്തിച്ചതിന്നനുസരിച്ച് പ്രതിഫലം ലഭിക്കും എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. "ആർ ഒരണുമണിത്തൂക്കം നന്മ പ്രവർത്തിക്കുന്നുവോ അതവൻ/അവൾ കാണും; ആർ ഒരണുമണിത്തൂക്കം തിന്മ പ്രവർത്തിക്കുന്നുവോ അതവൻ/അവൾ കാണും" (99: 7,8).

ഒരാൾ വിശ്വസിക്കുന്ന ആശയങ്ങളിൽ വിശ്വസിക്കാത്ത മറ്റുള്ളവർ ചെയ്യുന്നതൊന്നും നന്മയാവില്ല എന്ന് കരുതുന്നത് മൗഢ്യമാണ്. ഒരാൾ സ്വർഗത്തിലേക്കോ നരകത്തിലേക്കോ എന്ന് തീരുമാനിക്കാൻ മുകളിൽ നീതിമാനായ ദൈവമുണ്ട്. ആ നീതിമാന്റെ ജോലിയെന്തിന്ന് അൽപജ്ഞാനം മാത്രമുള്ള ഈ മർത്ത്യനെടുക്കണം? വിവിധ മതസംഘടനകളുടെ പ്രഭാഷണങ്ങൾ കേട്ടാൽ അവർക്കെല്ലാം താൽപര്യം പരമാവധി മനുഷ്യരെ നരകത്തിലേക്കയക്കലാണെന്ന് തോന്നും. സ്വർഗത്തിൽ ഞാനും എന്റെ സംഘടനക്കാരും മാത്രം പോയാൽ മതി. മനസ്സിന്റെ പിശുക്കാണിത്. "ആർ മനസ്സിന്റെ പിശുക്കിൽ നിന്ന് മുക്തി നേടിയോ അവരാണ് വിജയികൾ" എന്ന് ഖുർആൻ.

പ്രവാചകനായ മുഹമ്മദ് അറേബ്യയിൽ മതപ്രബോധനം ആരംഭിക്കുന്നതിനു മുമ്പുള്ള കാലത്തെ ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത് *ജാഹിലിയ്യാ* (അജ്ഞാന) കാലഘട്ടമെന്നാണ്. ദൈവികഗ്രന്ഥമോ പ്രവാചകനോ ഒന്നുമില്ലാതിരുന്ന കാലഘട്ടമായതിനാലാണതിനെ അങ്ങനെ വിശേഷിപ്പിച്ചത്. അക്കാലത്ത് അവതീർണമായ ഖുർആൻ ആ മനുഷ്യർക്കടക്കം ലോകാവസാനം വരെയുള്ള മുഴുവൻ മനുഷ്യർക്കും മനസ്സിലാവുന്ന ഭാഷയിലാണ് അവതരിച്ചത്. അറബി ഭാഷയിലാണെങ്കിലും അതിലെ ആശയങ്ങൾ വായിച്ചെടുക്കാൻ ഒരു കാലഘട്ടത്തിലെ മനുഷ്യർക്കും പ്രയാസമുണ്ടാവില്ല. അത്രക്ക് ലളിതവും സുന്ദരവുമാണതിലെ അധ്യാപനങ്ങൾ.

ഏതൊരു മനുഷ്യനും സ്വാതന്ത്ര്യത്തോടെ കടന്നു വരാനുള്ള അവസരമാണ് ഇസ്‌ലാം ഒരുക്കുന്നത്. "മതത്തിൽ യാതൊരു നിർബന്ധവുമില്ല" (ഖുർആൻ 2:256). "സത്യം നിങ്ങളുടെ നാഥങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ; ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കട്ടെ" (ഖുർആൻ 18:29). Seeing is believing എന്നൊരു ചൊല്ലുണ്ട്. ഇസ്‌ലാം മതവിശ്വാസികൾ തങ്ങളുടെ ആശയങ്ങൾ ജീവിതത്തിൽ പകർത്തുന്നത് കണ്ടാണ് മറ്റുള്ളവർ അതിൽ ആകൃഷ്ടരാവേണ്ടത്. സദാ മറ്റുള്ളവരുടെ നന്മയിൽ താൽപര്യമുള്ള ഒരു മാതൃകാ മനുഷ്യനെയാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. ഫ്രെഡറിക്ക് നീഷേക്ക് Super Man എന്നൊരു സങ്കൽപമുണ്ടായിരുന്നു. ഇഖ്ബാൽ *ഇൻസാനെ കാമിൽ* (സമ്പൂർണ മനുഷ്യൻ) എന്നു വിശേഷിപ്പിച്ചത് ഇസ്‌ലാം വിഭാവനം ചെയ്യുന്ന ഇത്തരം മനുഷ്യരെയാവാം. പ്രവാചകന്റെ ജീവിതത്തിലുടനീളം സഹജീവി സ്നേഹവും സഹിഷ്ണുതയും നന്മയോടുള്ള ആഭിമുഖ്യവും



**ഒരാൾ സ്വർഗത്തിലേക്കോ നരകത്തിലേക്കോ എന്ന് തീരുമാനിക്കാൻ മുകളിൽ നീതിമാനായ ദൈവമുണ്ട്. ആ നീതിമാന്റെ ജോലിയെന്തിന്ന് അൽപജ്ഞാനം മാത്രമുള്ള ഈ മർത്ത്യനെടുക്കണം? വിവിധ മതസംഘടനകളുടെ പ്രഭാഷണങ്ങൾ കേട്ടാൽ അവർക്കെല്ലാം താൽപര്യം പരമാവധി മനുഷ്യരെ നരകത്തിലേക്കയക്കലാണെന്ന് തോന്നും.**

തിന്മയോടുള്ള അമർഷവും നിറഞ്ഞു നിൽക്കുന്നത് കാണാം.

പ്രവാചകനെ കാണാൻ പള്ളിയിൽ വന്ന ഒരു ഗ്രാമീണന്റെ സംഭവം സാധാരണ ഉദ്ധരിക്കപ്പെടാറുണ്ട്. പ്രവാചകനും അനുചരന്മാരും അപ്പോൾ അവിടെയിരിക്കുകയായിരുന്നു. സംസാരം കഴിഞ്ഞ് പോകുന്നതിനിടെ മൂത്രശങ്ക തോന്നിയ ആ കാട്ടറബി തന്റെ ശീലമനുസരിച്ച് ആ പള്ളിയുടെ ഒരു മൂലയിൽ മൂത്രമൊഴിച്ചു. വലുതായൊന്നും മാനസിക വിശാലത അപ്പോൾ ആർജിച്ചു കഴിഞ്ഞിട്ടില്ലാത്ത പ്രവാചകന്റെ അനുചരന്മാർ പള്ളി അശുദ്ധമാക്കിയതിന്റെ പേരിൽ അയാളെ കൈകാര്യം ചെയ്യാൻ ഒരുങ്ങുന്നു. പ്രവാചകൻ പറഞ്ഞു, "ഒന്നും ചെയ്യരുത്. അയാളെ വിട്ടേക്കുക" എന്ന്. അനന്തരം വെള്ളം കൊണ്ടുവന്ന് അവിടം ശുദ്ധീകരിക്കാൻ അവരോടാവശ്യപ്പെടുകയും ചെയ്തു. വന്നവന്റെ പശ്ചാത്തലമറിഞ്ഞായിരുന്നു പ്രവാചകന്റെ പ്രതികരണം. അനുചരന്മാരിൽ സഹിഷ്ണുത വളർത്തുകയായിരുന്നു പ്രവാചകൻ.

നജ്റാനിൽ നിന്നുള്ള ക്രിസ്ത്യാനികളുടെ ഒരു സംഘം പ്രവാചകനെ കാണാൻ വന്ന മറ്റൊരു സംഭവം. പ്രവാചകനുമായുള്ള സംഭാഷണത്തിന്നിടെ പ്രാർഥനക്ക് സമയമായപ്പോൾ അവർ പള്ളിയുടെ പുറത്തേക്കിറങ്ങുകയായിരുന്നു. എവിടെ പോകുന്നു എന്ന് പ്രവാചകൻ ചോദിച്ചപ്പോൾ തങ്ങൾ പ്രാർഥന നിർവഹിക്കാൻ പുറത്തേക്ക് പോകുന്നു എന്ന് അവർ പറഞ്ഞു. ''എങ്കിൽ നിങ്ങൾ ഇവിടെ തന്നെ അത് നിർവഹിച്ചു കൊള്ളുക" എന്നായിരുന്നു പ്രവാചകന്റെ മറുപടി. "അല്ലാഹു നിങ്ങൾക്ക് എളുപ്പം ഉദ്ദേശിക്കുന്നു; പ്രയാസം ഉദ്ദേശിക്കുന്നില്ല" എന്ന ഖുർആൻ വചനം ഇന്ന് മതരംഗത്ത് പ്രവർത്തിക്കുന്ന പലരും മറന്നുപോവുന്നു.

പതിനഞ്ച് വർഷം മുമ്പ് മലേഷ്യയിൽ പോകവെ, ശിർക്കിനെ എതിർക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു സംഘടനയുടെ യുവനേതാവ് സഹയാത്രികനായി ഉണ്ടായിരുന്ന ഒരനുഭവമുണ്ടെനിക്ക്. അന്ന് ആ സംഘടന പിളർന്നിട്ടുണ്ടായിരുന്നില്ല. ഏതാണ്ട് രണ്ടാഴ്ചക്കാലം താമസിക്കുകയും ഭക്ഷണം കഴിക്കുകയും പ്രാർഥിക്കുകയുമെല്ലാം ചെയ്തത് ഞങ്ങൾ ഒരുമിച്ചായിരുന്നു. ഇടക്ക് ഞാനും മറ്റു ചിലപ്പോൾ അദ്ദേഹവും ഞങ്ങൾ താമസിച്ചിരുന്ന മുറിയിൽ പ്രാർഥനക്ക് നേതൃത്വം നൽകുകയും ചെയ്തിരുന്നു. തിരിച്ച് നാട്ടിലെത്താറായപ്പോൾ, ഞങ്ങൾ ഇറങ്ങേണ്ട റെയിൽവെ സ്റ്റേഷനിലെത്തുന്നതിന് രണ്ട് മണിക്കൂർ മുമ്പ് അദ്ദേഹം എന്നോട് പറഞ്ഞു: "വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ മറന്നു പോയി, സലീം സാഹിബ്." ഇത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ ബാഗോ മറ്റോ മറന്ന് പോയതാവും എന്ന് ഞാൻ കരുതി. പക്ഷേ മറന്നുപോയത് എന്തായിരുന്നു എന്ന് ചോദിച്ചപ്പോൾ അദ്ദേഹം തന്ന മറുപടി എന്നെ വല്ലാതെ അമ്പരപ്പിച്ചു കളഞ്ഞു. "ഇത്രയും ദിവസം നമ്മൾ ഒരുമിച്ചുണ്ടായിട്ടും ഇസ്‌ലാമിന്റെ സന്ദേശം ഞാൻ താങ്കൾക്കെത്തിച്ചിട്ടില്ല. അതിൽ എനിക്ക് കുറ്റബോധമുണ്ട്. അതിനാൽ ഞാനിപ്പോൾ അത് ചെയ്യട്ടെ." "അപ്പോൾ ഇത്രയും ദിവസം താങ്കൾ എന്നെ ഒരവിശ്വാസിയായിട്ടാണോ കണ്ടത്? താങ്കൾ എന്നെ പിന്തുടർന്ന് നമസ്കരിക്കുകയും ചെയ്തിട്ടുണ്ടല്ലോ?" ഞാൻ ചോദിച്ചു. അദ്ദേഹം നിർത്തുന്ന മട്ടില്ല. സ്വന്തം അജ്ഞതയുടെ കുടുസ്സായ നാലതിരുകൾക്കുള്ളിൽ ബന്ധിതനായിപ്പോയ, സ്വാഭിപ്രായത്തിന്റെ സങ്കുചിതത്വത്തിൽ അഭിരമിക്കുന്ന അദ്ദേഹത്തിനത് മനസ്സിലാവുമായിരുന്നില്ല. പ്രബോധിതനാവാൻ വിസമ്മതിച്ചതിന്റെ വിമ്മിട്ടം തുടർന്നുള്ള യാത്രയിൽ പ്രതിഫലിച്ചിരുന്നു. സന്തുഷ്ടനായല്ല അദ്ദേഹം അന്ന് വണ്ടിയിറങ്ങിപ്പോയത്. സ്വർഗത്തിലേക്കും നരകത്തിലേക്കുമുള്ള റിക്രൂട്ടിംഗ് ഏജന്റുമാരാണ് തങ്ങളെന്നാണ് ഇത്തരം മതസംഘടനാ നേതാക്കളും പ്രവർത്തകരും ധരിച്ചുവശായിരിക്കുന്നത്. ഇവരുടെ തിട്ടൂരമില്ലെങ്കിൽ സ്വർഗം നഷ്ടപ്പെടുമെന്ന വിശ്വാസമില്ലാതിരുന്നതിനാൽ എനിക്കശേഷം അസ്വസ്ഥതയുണ്ടായതുമില്ല.

മതവിശ്വാസികൾ പുലർത്തുന്ന ഇത്തരം വങ്കത്തങ്ങൾ ഏറെയുണ്ട്. സമൂഹത്തിൽ ഇതര മതസ്ഥർക്കിടയിൽ അപഹാസ്യരാവാൻ ഇതെല്ലാം കാരണമാവുന്നുണ്ടാവണം എന്ന കാര്യം ഇവർ ശ്രദ്ധിക്കാറില്ല. അങ്ങനെ വന്നാൽ തന്നെ ''ഒരാക്ഷേപകന്റെയും ആക്ഷേപത്തെ അവർ വിലവെക്കുകയില്ല'' എന്ന ഖുർആൻ വാക്യം സന്ദർഭത്തിൽ നിന്ന്

**ആകാശഭൂമികൾക്കപ്പുറത്തോളം വിശാലമായ സുന്ദരമായ ഒരു മതത്തെ നമ്മൾ നിർമിച്ച കുടുസ്സായ വൃത്തങ്ങളിൽ തളച്ചിട്ട് വ്യാഖ്യാനിക്കുന്നത് കൊണ്ടുണ്ടാകുന്ന തെറ്റുധാരണകൾ ചില്ലറയല്ല. മതത്തെക്കുറിച്ച അറിവ് കുറഞ്ഞവരിലാണ് അതിരുകടന്ന അനുഷ്ഠാനവ്യഗ്രതയും അനാവശ്യമായ കാർക്കശ്യവും പ്രകടമാവുന്നത്.**



അടർത്തിയെടുത്ത് സായൂജ്യം കണ്ടെത്തുകയും ചെയ്യും. അനുയായികളെ വങ്കത്തങ്ങളിലേക്ക് ചാടിക്കുന്നതിൽ നേതൃത്വത്തിന്നാണ് പങ്കേറെയും. കുറേ വർഷങ്ങൾക്ക് മുമ്പ് ഒരു മതസംഘടനയുടെ സ്ഥാപനത്തിൽ വളർന്ന ഒരു കോഴിയെ ലേലം ചെയ്ത സംഭവം ഓർമ വരുന്നു. പൊതു ഖജനാവിലേക്ക് (ബൈത്തുൽ മാൽ) മുതൽകൂട്ടാൻ ആ കോഴിയെ ജീവനക്കാർക്കിടയിൽ ലേലം ചെയ്തപ്പോൾ വലിയ വിലയ്ക്ക് ലേലത്തിന്നെടുത്തത് ഒരു പാവം സംഘടനാ പ്രവർത്തകൻ. ദൈവത്തിന്റെ ഖജനാവിലേക്ക് മുതൽകൂട്ടി താൻ ഒരു വലിയ പുണ്യം ചെയ്തിരിക്കുന്നു എന്ന ആത്മാർഥത നിറഞ്ഞ ഉറച്ച വിശ്വാസത്തിൽ അമ്പതിലേറെ കിലോമീറ്റർ ദൂരമുള്ള തന്റെ വീട്ടിലേക്ക് എപ്പോഴും കൈയിൽ കരുതാറുള്ള ഹാൻഡ് ബാഗിലാക്കി ആ കോഴിയെ കൊണ്ടുപോകുമ്പോൾ ആ പാവത്തിന് ഒരസ്വാഭാവികതയും അനുഭവപ്പെട്ടിട്ടുണ്ടാവില്ല. യാത്രക്കിടെ ബാഗിൽ നിന്ന് കോഴി കൂവുന്നതിന്റെ ജാള്യതക്ക് ആരെ കുറ്റം പറയണം? വിശ്വാസികളെക്കുറിച്ച് പറഞ്ഞേടത്ത് "അവർ ഭൂമിയിൽ വിനയാന്വിതരായി നടക്കുന്നവരാണ്" എന്ന് ഖുർആൻ (25:63) പറഞ്ഞതിന് ഇങ്ങനെ ഒരർഥമുണ്ടോ? ചെറിയ കാര്യങ്ങൾക്ക് ആവശ്യത്തിലധികമോ അനാവശ്യമോ ആയ ഊന്നൽ നൽകുന്നതിലൂടെ വിശ്വാസികളെ നേതാക്കൾ തീരെ പ്രാപ്തിയും സാമാന്യബുദ്ധി കുറഞ്ഞവരുമാക്കുന്നതിന്റെ പല ഉദാഹരണങ്ങളിൽ ഒന്ന് മാത്രമാണിത്.

ആകാശഭൂമികൾക്കപ്പുറത്തോളം വിശാലമായ സുന്ദരമായ ഒരു മതത്തെ നമ്മൾ നിർമിച്ച കുടുസ്സായ വൃത്തങ്ങളിൽ തളച്ചിട്ട് വ്യാഖ്യാനിക്കുന്നത് കൊണ്ടുണ്ടാകുന്ന തെറ്റുധാരണകൾ ചില്ലറയല്ല. മതത്തെക്കുറിച്ച അറിവ് കുറഞ്ഞവരിലാണ് അതിരുകടന്ന അനുഷ്ഠാനവ്യഗ്രതയും അനാവശ്യമായ കാർക്കശ്യവും പ്രകടമാവുന്നത്. ഇവർ അനുധാവനം ചെയ്യുന്ന മതം ആദ്യമായി പഠിപ്പിച്ചത് "നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക" (ഖുർആൻ) എന്നാണ്. സ്വന്തമായി വായിച്ച് വളരാതെ വായിച്ച് വളർന്നവർക്കെതിരെ വാളെടുക്കാൻ ഇവർക്ക് വ്യഗ്രത കൂടും. ഇസ്‌ലാമിൽ പൗരോഹിത്യമില്ല, എന്നാലും മതത്തെ പണ്ഡിതന്മാർ വ്യാഖ്യാനിക്കട്ടെ എന്നാവും ഇവരുടെ നിലപാട്. ഇവർ പ്രതീക്ഷ പുലർത്തുന്ന പണ്ഡിതന്മാരാവട്ടെ ആധുനിക കാലഘട്ടത്തെക്കുറിച്ചോ പുതിയ വിജ്ഞാനശാഖ

**സഹിഷ്ണുതയാണ് സമാധാനപൂർണമായ സഹവർത്തിത്വത്തിന്ന് വഴിയൊരുക്കുന്നത്. അങ്ങനെ വരുമ്പോൾ ഏറ്റുമുട്ടലിന്റെ സംസ്കാരം സമാധാനത്തിന്റെ സംസ്കാരത്തിന്ന് വഴിമാറും. ഒരു സംസ്കൃത സമൂഹത്തിന് എപ്പോഴും ആവശ്യമുള്ളതും ഇതു തന്നെയാണ്.**

കളെക്കുറിച്ചോ ഒരു വിവരവും ആർജിച്ചിട്ടുണ്ടാവില്ല. എന്നു മാത്രമല്ല, അത്തരം ഒരു ആവശ്യം ഉണ്ടെന്ന് വിശ്വസിക്കുന്നു പോലുമുണ്ടാവില്ല. ഇങ്ങനെയുള്ളവർ എങ്ങനെ മതത്തെ വ്യാഖ്യാനിക്കും? സമകാലിക ലോകത്ത് ഇസ്‌ലാമിന്റെ സൗന്ദര്യം ചോർന്നു പോവുന്നതിന്നുള്ള പല കാരണങ്ങളിൽ ഒന്ന് ഇതു തന്നെയാണ്. ഇതേ അസഹിഷ്ണുത മറ്റു ജനവിഭാഗങ്ങൾ മുസ്‌ലിംകളോട് കാണിക്കുമ്പോൾ അവർക്കത് അസഹനീയമാവുന്നു. നാം ഇങ്ങോട്ട് പ്രതീക്ഷിക്കുന്നത് എന്തോ അത് അങ്ങോട്ടും ചെയ്യാൻ ഏതൊരു വിശ്വാസിയും ബാധ്യസ്ഥനാണ്. ' 'നിനക്കു വേണ്ടി ആഗ്രഹിക്കുന്നത് ജനങ്ങൾക്കു വേണ്ടിയും ആഗ്രഹിക്കുക, നീ മുസ്‌ലിമാകും" (അഹ്മദ്, തിർമിദി) എന്ന് പ്രവാചകൻ.

മറ്റുള്ളവരെ എന്റെ പ്രതിരൂപമായി കാണാൻ കഴിഞ്ഞാലാണ് ഇത് കഴിയുക. അപ്പോൾ എനിക്ക്, എന്റേത് തുടങ്ങിയ സ്വന്തത്തിൽ കേന്ദ്രീകരിച്ചു കൊണ്ടുള്ള ചിന്തകൾ കുറയും. ഞാൻ ആഗ്രഹിക്കുന്നത് എന്തോ അത് മറ്റുള്ളവർക്കു വേണ്ടിയും ആഗ്രഹിച്ചു തുടങ്ങും. എന്റെ മുമ്പിൽ മാലിന്യം പാടില്ലെങ്കിൽ മറ്റുള്ളവന്റെ മുമ്പിലും മാലിന്യം പാടില്ല. അങ്ങനെ ചിന്തിക്കുമ്പോൾ ഞാൻ എന്റെ മാലിന്യം പൊതുസ്ഥലത്ത് - അപരന്റെ സ്ഥലത്ത് - നിക്ഷേപിക്കില്ല. എനിക്ക് അസൗകര്യം പാടില്ലെങ്കിൽ അപരന്നും അസൗകര്യം പാടില്ല. എനിക്ക് സുഖവും സൗകര്യവും ലഭിക്കാൻ എത്ര അവകാശമുണ്ടോ അത്ര തന്നെ അവകാശം മറ്റുള്ളവർക്കും ഉണ്ട്. കൂട്ടത്തിൽ നല്ല ജീവിത സൗകര്യങ്ങളും ജീവിതവിഭവങ്ങളും ഞാൻ അനുഭവിക്കുന്നതിനേക്കാൾ മറ്റുള്ളവർ അനുഭവിക്കുന്നതിൽ സംതൃപ്തി കണ്ടെത്തലാണ് ഉദാത്തതയുടെ ലക്ഷണം. "നീ നിനക്കു വേണ്ടി ആഗ്രഹിക്കുന്നത് നിന്റെ സഹോദരന് വേണ്ടിയും ആഗ്രഹിക്കുന്നതു വരെ നിങ്ങളിൽ ഒരാളും സത്യവിശ്വാസിയാവുകയില്ല" പ്രവാചകൻ പറഞ്ഞു. പരസ്പര സ്നേഹവും സഹിഷ്ണുതയുമാണ് ഇതിൽ വഴിഞ്ഞൊഴുകുന്നത്. ഈ സഹിഷ്ണുതയാണ് മുസ്‌ലിംകൾ കൂടുതലായി വളർത്തിയെടുക്കേണ്ടത്. അപ്പോൾ അവർ എല്ലാവർക്കും സ്വീകാര്യരാവും. ഇങ്ങനെയൊരു ജനവിഭാഗത്തെ ആർ വെറുക്കാൻ? ഇപ്പോൾ ഇതരജനവിഭാഗങ്ങൾ മുസ്‌ലിംകളോട് അസഹിഷ്ണുത കാണിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണവും നാമന്വേഷിക്കേണ്ടതുണ്ട്. അത് വളർന്നത് നമ്മുടെ തന്നെ കാരണങ്ങൾ കൊണ്ടാണോ അല്ലേ എന്ന് അപ്പോൾ മാത്രമേ ഒരാൾക്ക് മനസ്സിലാക്കാനാവൂ.

മുസ്‌ലിംകൾക്കെതിരെയുള്ള അസഹിഷ്ണുത ഇന്ത്യയിൽ മാത്രമല്ല, ലോകത്തിന്റെ പല ഭാഗത്തും നിലനിൽക്കുന്നുണ്ട്. അതിന് പല കാരണങ്ങളുണ്ടാവാം. സംഘ്പരിവാർ പോലുള്ള പരമതവിദ്വേഷം അടിസ്ഥാനാദർശമായി സ്വീകരിച്ച സംഘടനകൾ ഒരു മതവിഭാഗത്തെ മുഴുവനായും ഉന്മൂലനം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടാവാം. 1930കളിലും '40കളിലും ഇന്ത്യയിലെ മുസ്‌ലിംകളെ ഉന്മൂലനം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്പെയിനിൽ എങ്ങനെ മുസ്‌ലിംകൾ ഉന്മൂലനം ചെയ്യപ്പെട്ടു എന്നത് സംഘ്പരിവാർ ശക്തികൾ പഠനവിധേയമാക്കിയതായി റിപ്പോർട്ടുകളുണ്ടായിരുന്നു. ക്രിസ്തുവർഷം 712 മുതൽ 1492 വരെയുള്ള 780 വർഷക്കാലമാണ് മുസ്‌ലിംകൾ സ്പെയിനിൽ അധികാരം കൈയാളിയിരുന്നത്. മുസ്‌ലിംകൾ അവിടെ കാൽ കുത്തിയത് മുതൽ എണ്ണൂറ് വർഷത്തോളം ചരിത്രത്തിൽ തുല്യതയില്ലാത്ത സഹിഷ്ണുത നിലനിന്ന ഒരു ഭൂപ്രദേശമാണ് സ്പെയിൻ. അബ്രഹാമിക് മതങ്ങളിൽ പെടുന്നവരെന്ന നിലയിൽ മുസ്‌ലിംകൾ ജൂതന്മാരോടും ക്രിസ്ത്യാനികളോടും വളരെ സഹിഷ്ണുതയോടെയായിരുന്നു പെരുമാറിയിരുന്നത്. ആശയപരമായി വ്യത്യാസങ്ങൾ ഏറെ ഉണ്ടെങ്കിലും മതസഹയാത്രികരായി മുസ്‌ലിംകൾ അവരെ കണ്ടു.

അധികാരം നഷ്ടപ്പെട്ടെങ്കിലും സ്പാനിഷ് ജീവിതത്തിന്റെ എല്ലാ വശങ്ങൾക്കും ഇന്നും ഒരിസ്‌ലാമിക സ്പർശമുണ്ട്. സ്പാനിഷ് ഭാഷയിൽ കുറേ അറബി പദങ്ങളുണ്ട്; അവരുടെ സംഗീത

ത്തിന് അറബി സ്വനവും സ്വരവുമുണ്ട്; അവരുടെ സംസ്കാരത്തിന് യൂറോപ്യൻ സംസ്കാരത്തേക്കാൾ അറബി സംസ്കാരത്തോടാണ് കൂടുതൽ അടുപ്പം. അറബി ഭാഷക്ക് സ്പാനിഷ് ഭാഷയിലുള്ള സ്വാധീനത്തിന്റെ നിദർശനമാണ് ഇപ്പോഴും സ്പാനിഷ് ഭാഷയിൽ നിലനിൽക്കുന്ന *അൽ* എന്ന ഉപസർഗം. സ്പെയിനിൽ ഇസ്‌ലാമിന് തകർച്ച നേരിടുമ്പോഴും അക്കാലത്തെ സംസ്കൃത ലോകം മുഴുവൻ ഇസ്‌ലാമിന്റെ കീഴിലായിരുന്നു. ഉസ്മാനി തുർക്കികൾ 1553ൽ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കുകയും ബാൽക്കൻ മേഖലയിലുടനീളം സ്വാധീനമുറപ്പിക്കുകയും ചെയ്തിരുന്നു. ഈജിപ്ത് ഭരിച്ചിരുന്നത് ശക്തരായ മംലൂക്കുകളായിരുന്നു. അബ്ബാസിയാ ഭരണാധികാരികളുടെ കീഴിൽ രാഷ്ട്രീയമായ ഉച്ചസ്ഥായിയിലായിരുന്നു പേർഷ്യ. ഇന്ത്യയാകട്ടെ, മുഗൾ രാജവംശത്തിന്റെ കീഴിലുമായിരുന്നു. ഇത്രയും മേഖലയിൽ ഇസ്‌ലാം സ്വാധീനമുറപ്പിച്ചിട്ടും സ്പെയിൻ തകരുന്ന വേളയിൽ ഈ ഭൂപ്രദേശങ്ങളിലെ ഒരൊറ്റ മുസ്‌ലിം ഭരണാധികാരിയും തങ്ങളുടെ സൈന്യങ്ങളെ സ്പെയിനിന്റെ രക്ഷക്ക് അയക്കുകയുണ്ടായില്ല. ഇത് എങ്ങനെ സംഭവിച്ചു എന്നും എങ്ങനെ മുസ്‌ലിംകളെ സ്പെയിനിൽ നിന്ന് ഉഛാടനം ചെയ്യാൻ കഴിഞ്ഞു എന്നുമായിരുന്നു സംഘ് പരിവാർ ബുദ്ധിജീവികളുടെ പഠനവിഷയം. അവർ അതൊക്കെ പഠിക്കുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയുമെല്ലാം ചെയ്തിട്ടുണ്ടാവാം. അതിജീവനത്തിനായി മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് ശ്രദ്ധാപൂർവമായ നീക്കങ്ങളുമുണ്ടായിട്ടുണ്ടാവാം. ഇതിനെല്ലാം ശേഷവും ഇസ്‌ലാം ഇവിടെ നിലനിന്നിട്ടുണ്ട്.

ഇപ്പോഴും ഇന്ത്യയിൽ മുസ്‌ലിംകൾക്കെതിരെ സംഘ്പരിവാറിന്റെ നേതൃത്വത്തിൽ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. ഇവിടെ ഒരു കാര്യം വിസ്മരിച്ചു കൂടാ. ഇന്ത്യയിൽ മുസ്‌ലിം ജനസംഖ്യ പതിനഞ്ച് ശതമാനത്തിനും ഇരുപത് ശതമാനത്തിനും ഇടയിലാണ്. ബാക്കി എൺപതോ എൺപത്തഞ്ചോ ശതമാനം വരുന്ന ജനസമൂഹത്തിൽ പതിനഞ്ച് ശതമാനം മാത്രമാണ് ഹിന്ദുക്കളിലെ മേൽജാതികൾ. ജാതിവ്യവസ്ഥയാണ് ഹിന്ദുസമൂഹത്തെ ചിട്ടപ്പെടുത്തുന്നത്. ബ്രഹ്മാവിന്റെ വക്ത്രത്തിൽ നിന്നുണ്ടായ ബ്രാഹ്മണരാണ് ഏറ്റവും ഉയർന്ന ജാതി. അതിനും കീഴെ കൈത്തണ്ടയിൽ നിന്നുണ്ടായ യോദ്ധാക്കളും ഭരണാധികാരികളുമായ ക്ഷത്രിയർ, അതിനു താഴെ തുടയിൽ നിന്നുണ്ടായ കച്ചവടക്കാരായ വൈശ്യർ, നാലാം സ്ഥാനത്ത് പാദങ്ങളിൽ നിന്നുമുണ്ടായ ശില്പികളും കൈവേലക്കാരുമായ ശൂദ്രർ. അവർക്ക് താഴെ അനേകം അയിത്തജാതിക്കാരുമുണ്ട്. ഇവർ ആയിരക്കണക്കിന് ഉപജാതികളായി പെരുകി. മനുഷ്യനെ തൊഴിലിന്റെയും ജീവിതത്തിന്റെയും വിവാഹത്തിന്റെയും മരണത്തിന്റെയും കാര്യത്തിൽ ജനിച്ച വംശത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക കല്ലറകളിൽ അടച്ചിടുന്ന പതിനായിരക്കണക്കിന് വിഭാഗങ്ങളായി സമൂഹത്തെ ഇത് വേർതിരിച്ചു എന്ന് ചരിത്രഗ്രന്ഥങ്ങളിൽ കാണാം. ഉരുക്ക് പുടം വെക്കുന്ന ഒരാൾ ആലയിൽ ഉരുക്ക് പണി ചെയ്യുന്നവരിൽ നിന്ന് ജാതി കൊണ്ട് ഭിന്നനാണെന്ന് വരുമാറ് അത്ര കൃത്യമായിരുന്നു അവയുടെ നിർവചനങ്ങൾ എന്ന് ലാരി കോളിൻസും ഡൊമിനിക്ക് ലാപിയറും *സ്വാതന്ത്ര്യം അർധരാത്രിയിൽ* എന്ന പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. ദലിതരടക്കമുള്ള പിന്നാക്ക ജാതിക്കാരാണിതിൽ ഭൂരിപക്ഷം. ഹിന്ദു സമൂഹത്തിൽ ബഹുഭൂരിഭാഗത്തിനും മുസ്‌ലിംകളോട് വിദ്വേഷം ഇല്ലെന്നതാണ് സത്യം. പരമതവിദ്വേഷം പ്രചരിപ്പിക്കുന്ന സംഘടനകൾ ഇവരിൽ സ്വാധീനം ചെലുത്തുമ്പോൾ മാത്രം താൽക്കാലികമായി ഉണ്ടാവുന്ന സ്വഭാവവ്യതിയാനം മാത്രമായിരിക്കും അത്തരം വെറുപ്പും വിദ്വേഷവും. അതിനെ സമാന്യവത്കരിച്ച് ഇവിടെയുള്ള ഭൂരിപക്ഷസമുദായം മുഴുവൻ മുസ്‌ലിം വിരോധമുള്ളവരാണെന്ന് കരുതുന്നത് തെറ്റാണ്. ഹിന്ദുക്കളിൽ ബഹുഭൂരിഭാഗവും പരമതവിദ്വേഷത്തെയോ മുസ്‌ലിം വിരോധത്തെയോ അനുകൂലിക്കുന്നവരല്ല. അവർ ഇതരമതസ്ഥരോടൊപ്പം സമാധാനപൂർവം ജീവിക്കണമെന്നാഗ്രഹിക്കുന്നവരും അതിന് യത്നിക്കുന്നവരുമാണ്. ഇത് മനസ്സിലാക്കി പരസ്പര സഹകരണത്തിന്റെ മേഖലകൾ കണ്ടെത്താൻ ശ്രമിക്കുകയാണ് വേണ്ടത്. ഇത്തരം സമാധാനകാംക്ഷികളുടെ സഹവർത്തിത്വവും പരസ്പര സഹകരണവുമെല്ലാം ജീവിതത്തിന്റെ സ്വാസ്ഥ്യം കെടുത്തുന്ന വർഗീയതയെ ഉന്മൂലനം ചെയ്യാൻ സഹായിക്കും. ഇത് വിജയിക്കണമെങ്കിൽ ഇതര മതസമൂഹങ്ങളിൽ അസഹിഷ്ണുത വളർത്താനിടയാക്കുന്ന നടപടികൾ ഒഴിവാക്കാൻ മുസ്‌ലിംകൾ ശ്രദ്ധിക്കണം. ■

(തുടരും)

**ഹിന്ദു സമൂഹത്തിൽ ബഹുഭൂരിഭാഗത്തിനും മുസ്‌ലിംകളോട് വിദ്വേഷം ഇല്ലെന്നതാണ് സത്യം. പരമതവിദ്വേഷം പ്രചരിപ്പിക്കുന്ന സംഘടനകൾ ഇവരിൽ സ്വാധീനം ചെലുത്തുമ്പോൾ മാത്രം താൽക്കാലികമായി ഉണ്ടാവുന്ന സ്വഭാവവ്യതിയാനം മാത്രമായിരിക്കും അത്തരം വെറുപ്പും വിദ്വേഷവും. അതിനെ സമാന്യവത്കരിച്ച് ഇവിടെയുള്ള ഭൂരിപക്ഷസമുദായം മുഴുവൻ മുസ്‌ലിം വിരോധമുള്ളവരാണെന്ന് കരുതുന്നത് തെറ്റാണ്. ഹിന്ദുക്കളിൽ ബഹുഭൂരിഭാഗവും പരമതവിദ്വേഷത്തെയോ മുസ്‌ലിം വിരോധത്തെയോ അനുകൂലിക്കുന്നവരല്ല.**

